# ദ്യുതി-2019



# സന്ദേശം




തെക്കേ വാഴക്കുളം ഗവ.ഹയർസെക്കന്ററി സ്കൂളിൽ വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു. ഈ "ദ്യുതി"എല്ലാവരിലും നന്മയുടെ വെളിച്ചം പകരാൻ സാധിക്കട്ടെ.

***സ്നേഹപൂർവ്വം***



*ഹെഡ്മിസ്ട്രസ്സ്*

*ഗവ: ഹയർ സെക്കന്ററി*

*സ്കൂൾ, സൗത്ത് വാഴക്കുളം*

# കുടിപ്പള്ളിക്കൂടത്തിൽ നിന്ന്....

## പി.ടി.എ പ്രസിഡണ്ടിന്റെ വാക്കുകളിലൂടെ..............



മനോജ് കെ.കെ

ഒരു നൂറ്റാണ്ട് പിന്നിട്ട വാഴക്കുളം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ ആദ്യ മാഗസിനാണ് ദ്യുതി 2019. ഈ വിദ്യാലയത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 1910 ൽ വായുമറ്റത്തില്ലത്തുനിന്നും പരേതനായ പ്ലാവട കൃഷ്ണൻനായർ വാങ്ങി കുടിപ്പള്ളിക്കൂടമായി ആരംഭിച്ചു. തുടർന്ന് 1944 - 45 ൽ യു പി സ്കൂൾ ആയും, 1948- 49 ൽ മിഡിൽ സ്കൂളായും, 1961 ഹൈസ്കൂളായും ഉയർത്തപ്പെട്ടു. എസ്എസ്എൽസി ആദ്യ ബാച്ച് 1963- 64 കാലഘട്ടത്തിലാണ് പുറത്തുവന്നത്.2015 ലാണ് ആദ്യ +2 ബാച്ച് ആരംഭിച്ചത് .ഈ സ്കൂളിന്റെ വികസനമെന്നാൽ വാഴക്കുളത്തിന്റെ വികസനമാണ്.ഈ നാടിന്റെ ഒരു സാംസ്കാരിക കേന്ദ്രം കൂടിയാണ് ഈ സരസ്വതി ക്ഷേത്രം.നിലവിൽ ഹൈടെക് നിലവാരത്തിലേക്കുയരുന്ന നമ്മുടെ വിദ്യാലയം ഭൗതികമായ വളർച്ചയ്ക്കൊപ്പം തന്നെ വിദ്യാഭ്യാസ രംഗങ്ങളിലും കലാ-കായിക സാഹിത്യ രംഗങ്ങളിലും മികവു പുലർത്തുന്നു.എല്ലാ ക്ലാസ്സ് റൂമുകളും ഡിജിറ്റൽ ആണ്.എസ്എസ്എൽസിക്ക് വർഷങ്ങളായി നൂറുശതമാനം വിജയമാണുള്ളത്. മലയാളത്തോടൊപ്പം ഇംഗ്ലീഷ് ഭാഷയ്ക്കും പ്രാമുഖ്യം നൽകി നിലവിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടത്തുന്നുണ്ട്.ഈ ജില്ലയിലെ മികച്ച ഫുട്ബോൾ ടീം നമ്മുടെ വിദ്യാലയത്തിലാണ്, കൂടാതെ അത്‌ലറ്റിക് രംഗങ്ങളിലും നമ്മുടെ വിദ്യാർഥികൾ മികവു പുലർത്തുന്നു.അച്ചടക്കമുള്ള കുട്ടികളെ വാർത്തെടുക്കുന്നതിനായി നിലവിൽ ജൂനിയർ റെഡ് ക്രോസ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അടുത്ത അധ്യയനവർഷംമുതൽ സ്കൗട്ട് ആൻഡ് ഗൈഡ് , സ്റ്റുഡന്റ്സ് പോലീസ് എന്നിവ പ്രവർത്തനമാരംഭിക്കും.പഠനനിലവാരവും കലാരംഗങ്ങളിലുള്ള വളർച്ചയും മുന്നിൽകണ്ട് അബാക്കസ് , അക്ഷരശ്ലോകം, സംഗീതം എന്നീ ക്ലാസുകളും, യോഗ ക്ലാസ്സും ആരംഭിക്കാൻ പദ്ധതിയുണ്ട്.കുട്ടികളുടെ കമ്പ്യൂട്ടർ സ്കിൽ വികസനത്തിനായി ലിറ്റിൽ കൈറ്റ്സ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ കുട്ടികളുടെ ബുദ്ധിവളർച്ചയ്ക്കും മൾട്ടി സ്കിൽ വികസനത്തിനുമായി കേന്ദ്രസർക്കാറിന്റെ അടൽ ടിങ്കറിങ് ലാബ് അടുത്ത അധ്യയനവർഷം മുതൽ പ്രവർത്തനമാരംഭിക്കും.പത്താംക്ലാസിൽ വിദ്യാർഥികൾക്ക് എല്ലാ ദിവസവും രാത്രി 8 30 വരെ ക്ലാസുകളുണ്ട്.ഹയർസെക്കൻഡറിയിൽ 100% വിജയം എന്ന ലക്ഷ്യത്തിലേക്കായി രാവിലെയും വൈകുന്നേരവും കൂടുതൽ സമയം

ക്ളാസുകൾ നൽകുന്നുണ്ട്.ഹയർസെക്കൻഡറിയിൽ NSS , ASAP തുടങ്ങിയവ ആരംഭിക്കാൻ പദ്ധതിയുണ്ട്.ഇതിനെല്ലാം പിന്നിൽ അർപ്പണമനോഭാവമുള്ള അധ്യാപകരും ഇതിന് നേതൃത്വം നൽകുന്ന ഹെഡ്മിസ്ട്രസ് ലിസി ടീച്ചറുമാണ്.അതോടൊപ്പം സ്കൂളിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളായി PTA , OSA വാഴക്കുളം സർവീസ് സഹകരണ ബാങ്ക് , AVT കൂടാതെ മറ്റ് ജനപ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ മഹത്തായ പ്രോത്സാഹനമുണ്ട്വരുംവർഷങ്ങളിൽ ഗവൺമെൻറ് സ്കൂളിലെ ഹൈടെക്ക് സ്കൂളായി നമ്മുടെ വിദ്യാലയത്തെ മാറ്റുക എന്ന സ്വപ്ന സാക്ഷാത്കാരത്തിനായി സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പ് എന്ന കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്.ഈ വിദ്യാലയത്തിന്റെ വളർച്ചക്കൊപ്പം തന്നെ വിദ്യാർത്ഥികളുടെ കലാസാഹിത്യ രംഗങ്ങളിലെ വളർച്ചയും മുന്നിൽകണ്ട് അവതരിപ്പിക്കുന്ന ദ്യുതി 2019 എന്ന മാഗസിൻ നിറഞ്ഞ ഹൃദയത്തോടെ തികഞ്ഞ ചാരിതാർത്ഥ്യത്തോടെ എല്ലാവരുടെയും ഓർമ്മത്താളുകളിൽ സൂക്ഷിക്കാൻ ഒരു മയിൽപ്പീലി ഉണ്ടായി മാറാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

ഇതൊരു കൂട്ടായ്മയുടെ വിജയമാണ്.........

ഇതിനുപിന്നിൽ പ്രവർത്തിച്ച നിരവധി പേരുണ്ട്.....

എല്ലാവർക്കും ഒരായിരം നന്ദി............



# Little Kites 2018 - 2019

## REPORT

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് ആകുന്നതിന്റെ ഭാഗമായി ഐ.ടി.അറ്റ് സ്കൂളിന്റെ സഹകരണത്തോടെ ലിറ്റിൽ കൈറ്റ്സ് പദ്ധതി ഈ വർഷം ആരംഭിച്ചു.

കൈറ്റ് മിസ്ട്രസ് മാരായി കെ.കെ. പാത്തുമ്മ,ഇ.കെ.ചന്ദ്രിക എന്നിവർ ചുമതല വഹിക്കുന്നു.

വെക്കേഷന് രണ്ടു ദിവസത്തെ പരിശീലനം ലഭിച്ചതിലൂടെ ഇതിന്റെ പ്രവർത്തനങ്ങളുടേയും ചുമതല കളുടേയും നിർദ്ദേശങ്ങൾ കിട്ടി. ജൂൺ മാസത്തിൽ സെലക്ഷൻ ടെസ്റ്റ് നടത്തി (Aptitude Test) 30 പേരെ തെരെഞ്ഞെടുത്തു.

സ്കൂൾ തല ക്യാമ്പിൽ IT @ School -ൽ നിന്ന് എൽബി സാർ പങ്കെടുത്തു. കൂടാതെ അനിമേഷനും പ്രോഗ്രാമിംഗിനും എട്ടു കുട്ടികൾ സബ് ജില്ലയിൽ പങ്കെടുത്തു.നല്ല പ്രകടനം കാഴ്ച വെച്ചു.കൂടാതെ മൂന്നു കുട്ടികൾ ക്യാമറ പരിയശീലനത്തിലും പങ്കെടുത്തു മികവു തെളിയിക്കു കയുണ്ടായി.

കൈറ്റ് മിസ്ട്രസുമാർക്ക് സമയബന്ധിതമായികിട്ടിയ പരിശീലനങ്ങളും നിർദ്ദേശങ്ങളും കൃത്യതയാർന്ന പരിശീലനത്തിനു സഹായിച്ചു...



# എന്റെ വിദ്യാലയം



സ്കൂൾ ലീഡർ
**SIVDEV M**
**IX C**

ഞാൻ ഇതുവരെ പഠിച്ച വിദ്യാലയത്തിൽ നിന്നും തികച്ചും വ്യത്യസ്തമായൊരു പഠനാന്തരീക്ഷമാണ് ഈ മഹത്തായ വിദ്യാലയത്തിലുള്ളത് . ഈ കുറഞ്ഞ കാലയളവിനുള്ളിൽ നിരവധി ജീവിതാനുഭവങ്ങൾ സ്വായത്തമാക്കാൻ എനിക്ക് സാധിച്ചു.

ബന്ധങ്ങളുടെ വിലയെന്താണെന്ന് ടീച്ചേർസ് ഞങ്ങൾക്കു മനസ്സിലാക്കി തന്നു .സ്വന്തം മക്കളെപ്പോലെ സ്നേഹിക്കുവാനും നമ്മളിൽ ഓരോരുത്തരിലുമുള്ള കഴിവ് കണ്ടുപിടിച്ച് വളർത്തുവാനും പ്രോത്സാഹിപ്പിക്കുവാനും കുട്ടികളെ ഉന്നത വിജയത്തിൽ എത്തിക്കുവാനുമുള്ള അധ്യാപകരുടെ കഴിവ് എടുത്തു പറയേണ്ടതാണ്.ഇവിടുത്തെ അധ്യാപകരും, കുട്ടികളും ,മാതാപിതാക്കളും സ്കൂളിന്റെ ഉന്നമനത്തിനായി ഒരുമിച്ച് കൈകോർക്കുന്നു .ഈ സ്കൂളിൽനിന്ന് പഠനം കഴിഞ്ഞുപോകുന്ന കുട്ടികൾ എല്ലാത്തിനും മികച്ചവരായി തീർന്നിരിക്കും .നമ്മുടെ സ്കൂളിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.ഇതിനെല്ലാം നേതൃത്വം നൽകുന്നത് സ്നേഹനിധിയായ H.M ലിസ്സി ടീച്ചറാണ് .ടീച്ചറെ സഹായിക്കാൻ മറ്റെല്ലാ അദ്ധ്യാപകരും, P.T.A യും ഒപ്പമുണ്ട്.വരും കാലങ്ങളിൽ കേരളത്തിലെ തന്നെ ഏറ്റവും മികവുറ്റ വിദ്യാലയമായി നമ്മുടെ സ്കൂൾ മാറുമെന്ന് നമുക്ക് നിസ്സംശയം പറയാം .നമ്മൾ കുട്ടികളും ഇതോടൊപ്പം ഒത്തൊരുമിച്ചു സ്കൂളിന്റെ വളർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

# എന്റെ ഓർമ്മകൾ

ALNA BIJU
10 B

രണ്ടായിരത്തിപതിനെട്ട് ഓഗസ്റ്റ് പതിനഞ്ചാം തീയതി അതിഭീകരമായ ഒരു പ്രളയത്തെ നമ്മുടെ കേരളം നേരിടുകയുണ്ടായി. ആ പ്രളയത്തിൽ നിരവധി പേർ മരണമടഞ്ഞു അനേകം പേർക്ക് സർവ്വതും നഷ്ടപ്പെട്ടു അനേകം പേർക്ക് പരുക്ക് പറ്റി. ഇങ്ങനെ ഉള്ള ദുരിതങ്ങൾ മറ്റു നാടുകളിൽ നടക്കുന്നത് നമ്മൾ ടി.വിയിലും

പത്രങ്ങളിലുമാണ് കണ്ടത്. പക്ഷെ ഇപ്രാവശ്യം വന്ന പ്രളയത്തിൽ ഞാൻ എന്റെ ജീവിതത്തിൽ നേരിട്ടു അനുഭവിച്ചു. അപ്പോൾ ഞാനും എന്റെ കുടുംബവും അനുഭവിച്ച വേദന എനിക്കിപ്പോഴും മറക്കാനാകുന്നില്ല .

പാഠപുസ്തകങ്ങളും നോട്ട്ബുക്കുകളും നഷ്ടപ്പെട്ടു. എനിക്കും എന്റെ കുടുമ്പത്തിനും സ്കൂളിൽ നിന്ന് നല്ലൊരു സഹായം ചെയ്തു തന്നു. എന്നെ പോലെ പാഠപുസ്തകങ്ങളും നോട്ട്ബുക്ളാലും നഷ്ടപെട്ട് വിതുമ്പുന്ന അനേകം കുട്ടികളുടെ മുഖങ്ങൾ നമ്മുടെ ഓരോരുത്തരുടെയും മനസിലേക്കുന ഓടിയെത്തുന്നു. പ്രളയം ബാധിച്ചവർക്ക് നിൽക്കുവാനായി നിരവധി ശ്കൂളുകളും ദുരിതാശ്വസ ക്യാമ്പുകളും പ്രവർത്തിക്കുന്നുണ്ടായി. അവസാനം ദുരിതം വഴിമാറി. ശരിയാക്കണം അതിനായി കഠിനമായി നമുക്ക് പ്രവർത്തിക്കാം. സമചിത്തതയോടെ ദുരിതത്തെ നേരിടുകയാണ് വേണ്ടത്. ലോകത്തെ എത്രയോ രാജ്യങ്ങളിൽ എത്രയോ ദുരിതങ്ങൾ അരങ്ങിടുന്നു. അവയെ ധീരതയോടെ നേരിട്ട ചരിത്രമാണ് ലോകത്തിന്റേത്. കുട്ടികൾ വരെ ധീരരായി ദുരിതത്തെ നേരിട്ടു. ഹിരോഷിമയിൽ വീണ അണുബോംബ് തുപ്പിയ മാരകരശ്മികൾ ഏറ്റു രക്താർബുദം പിടിപെട്ടു നരകയാതന അനുഭവിച്ചു മരിച്ച സഡാക്കോ സസാക്കിയുടെ കഥ ഓർക്കുക. വിയറ്റ്നാം ജനത എത്രയോ കാലം യുദ്ധക്കെടുതികൾ നേരിട്ടു! കശ്മീരിലെ ജനത എല്ലാ വർഷവും വെള്ളപൊക്കത്തെ നേരിടുന്നുണ്ട്. ലാത്തൂരിലെ ഭൂകമ്പമുണ്ടാക്കിയ ദുരന്തം മറക്കാനാകുമോ. ഇൻഡോനേഷ്യൻ ജനത അഗ്നിപർവതസ്ഫോടനത്തെ എല്ലാ വർഷവും നേരിട്ടാണ് ജീവിക്കുന്നത്. സമ്പന്നരാജ്യമായ അമേരിക്കായിൽ ഇപ്പോഴും ചുഴലിക്കറ്റും പ്രളയവും അനേകായിരങ്ങളെ ദുരിതത്തിലാഴറ്റുന്ന വാർത്ത നാം കാണാറുണ്ട്.

കേരളം 1924 ൽ ഒരു മഹാപ്രളയത്തിൽ പെട്ടതാണ് ഇന്നത്തേക്കാൾ കൂടുതൽ മരണം അന്നുണ്ടായി എന്നാണ് കരുതപ്പെടുന്നത്. ആ പ്രളയത്തെ നേരിട്ട ജനതയെ മഹാത്മാഗാന്ധി തന്നെ അന്ന് ഒരുലക്ഷം രൂപ പിരിച്ചെടുത്തു നൽകി എന്ന് ഓർക്കുക. പ്രളയമെന്നതു പ്രകൃതിയുടെ ഒരു പ്രതിഭാസമാണ് അത്തരം ദുരന്തങ്ങൾ ഇനിയും ആവർത്തിക്കാം. എതു ദുരിതത്തെയും നേരിട്ടു ജീവിക്കുകയാണ് വേണ്ടത്. ഇനി നമുഎല്ലാവർക്കും ഒരുമിച്ചു പ്രവർത്തിക്കാം

# സസ്നേഹം മാവേലിക്ക്

പാത്തുമ്മ കെ കെ
ഹിന്ദി അധ്യാപിക
*ഗവ: എച്ച് എസ്സ് എസ്സ് സൗത്ത് വാഴക്കുളം*



മാവേലി തമ്പുരാൻ നാട്ടുകാണാൻ വന്നാൽ
ഇനി മേൽ ചിലതെല്ലാം കരുതീടേണം
പോക്കറ്റിലായ് ചെത്തു ഫോണൊന്നു വേണം
ലോഹ തൊപ്പി തലയിൽ വേണം
ദേശീയ പാതയിൽ സഞ്ചരിക്കാൻ
കായിക പ്രാപ്തകൾ ഏറെ വേണം
ഓട്ടവും ചാട്ടവും ഗുസ്തിയും അടിപിടീം
നന്നായ് പഠിക്കണം തമ്പുരാനെ
മഴയിൽ നിറയും റോഡുകൾ താണ്ടാൻ
നീന്തലും തോർത്തും വശം വേണം തമ്പ്രാൻ
മാവേലി തമ്പുരാൻ കേരളത്തിൽ വരാൻ
നുണയും ചതിയും പഠിച്ചിടേണംപലസ
വിവര സാങ്കേതിക വിദ്യയിൽ വൈദഗ്ദ്യ
മില്ലാതെ വന്നിട്ട കാര്യമില്ല
വ്യവസായ വികസനം വന്നുപോയേ
വമ്പൻവ്യവസായ ശാലകൾ ഏറെയുണ്ടേ
മാവേലി തമ്പുരാൻ മലയാളം മിണ്ടിയാല്
മലയാള നാട്ടിൽ പണി കിട്ടില്ല
തമിഴും തെലുങ്കും ഹിന്ദിയും കന്നഡേം
നന്നായ് പഠിക്കണം തമ്പുരാനെ
കേരള കരയിലായ് അങ്ങോള മിങ്ങോളം
വേലകളൊപ്പിക്കു മീക്കൂട്ടരാ
പിഞ്ചോമനകളിൽ കിന്നാരമോതുവാൻ
ഇംഗ്ലീഷ് പഠിക്കണം തമ്പുരാനേ
മലയാള മനുജന മാനക്കേട് ഉണ്ടാക്കും
മലയാളം മിണ്ടാതെ മടങ്ങീടേണം
പലനേരം പല നിറം ഒഴുകും നദികളിൽ
കുളിക്കാതിരിക്കാൻ ശ്രമിച്ചിടേണം

മാവേലി തമ്പുരാൻ തങ്ങുമെന്നുണ്ടെങ്കില്
വൃദ്ധസദനത്തില് തന്നെയാകും
കുട്ടി മാവേലിമാർ കൂടെയുണ്ടെങ്കിലോ
ഡേകെയർ ഉണ്ടല്ലോ കൂണുപോലെ
മായമില്ലാതൊരു വസ്തുവില്ലാ
മാവേലി മന്നന്റെ കേരനാട്ടിൽ
മാരുതൻ തത്തി കളിച്ചോരാ പാടത്തിൻ
പച്ചപ്പുപാടേ മറഞ്ഞു പോയേ
നഗരത്തെ വെല്ലുന്ന ഫ്ലാറ്റു കണ്ടാൽ
*കരുതണം കേരള ഗ്രാമമെന്ന്*....

# കവിയും കവിതയുംയാത്രയ്ക്കൊരുങ്ങിയപ്പോൾ.......

കവിത



ചന്ദ്രിക ഇ.ക
മലയാളം അധ്യാപിക
*ഗവ: എച്ച് എസ്സ് എസ്സ് സൗത്ത് വാഴക്കുളം*

കവിയും കവിതയും യാത്രയ്ക്കൊരുങ്ങി!
കവി ചോദിച്ചു , എല്ലാം പൂട്ടിക്കെട്ടിയോ?
കവിത മൊഴിഞ്ഞു, എന്തിന് നാം അകലേക്കല്ലല്ലോ!
കവി പറഞ്ഞു, എന്നാലും കാലം നന്നല്ല!
കവിത പ്രതി വചിച്ചു , സാരമില്ലന്നേ, ഇവിടെയെന്തുണ്ടായിട്ടാ?
കവി പറഞ്ഞു,എന്റെ കവനകലയും,വാക്കും,വരിയുമുണ്ട്!
കവിത കളിയാക്കി പറഞ്ഞു, അതാർക്കു വേണം?
അർത്ഥബോധമില്ലാത്തയീക്കാലത്ത്!
കവി പറഞ്ഞു, എന്നാലും പൂട്ടിയേര് അർത്ഥമറിയുന്നവരുണ്ടായാലോ?
കവിത പിറുപിറുത്തു,സമയമില്ലാത്തയീക്കാലത്ത് ആർക്കു വേണം?
കവി പറഞ്ഞു, പൊങ്ങച്ചം പറയാൻ ഉപകരിക്കും!
കവിത കളിയാക്കി,അതേയതേ എല്ലാവർക്കും അതിനെല്ലേ നേരം!
കവി സങ്കടത്തോടെ പറഞ്ഞു, ശരി എന്നാലടക്കണ്ട ആരാനും
എടുക്കട്ടെ,എടുക്കാതിരിക്കട്ടെ!
കവിത കരഞ്ഞു,പിന്നെ ചിരിച്ചു പറഞ്ഞു, കാലത്തിൻ കുത്തൊഴിക്കിൽ വാക്കുകൾ
വറ്റാതിരുന്നാൽ.....???
***അടച്ചു പൂട്ടാതെ നമുക്കിനിയും യാത്രപോകാം ..........!!!***



# പൂമ്പാറ്റ

ബേബി എം എ
മലയാളം അധ്യാപിക
*ഗവ: എച്ച് എസ്സ് എസ്സ് സൗത്ത് വാഴക്കുളം*




ഒരു മണി അരി പോൽ ഇലയുടെ അടിയിൽ
പറ്റിയിരുന്ന് കരഞ്ഞപ്പോഴോ
ഒരു ചെറു പുഴുവായ് കൂടിനുള്ളിൽ
നിദ്രയിലാണ്ടു  കഴിഞ്ഞപ്പോഴോ
സ്വപ്നം പോലും കണ്ടീല ഞാൻ
ഇത്ര മനോഹരമൊരു ജന്മം
പൂവേ ഞാനും നീയും നമ്മുടെ
ജീവിതവും നൈമിഷികം താൻ
എന്നാലും നാം പാരിന്നേകുക
നന്മകൾനിറയും നാളുകളെ

# സ്വപ്നം

വീടിനൊരു നില കൂടെയുണ്ടായെങ്കി-
ലെന്നോർത്തു കേഴുന്നു മാനുഷർ നാം
തന്നെയടച്ചിട്ട കൂടിന്റെയുള്ളിലായ്
നന്നായ് നിവർന്നൊന്നു നിന്നീടുവാൻ
പറ്റുമെന്നാകിലോ എത്രയാനന്ദമെ
ന്നോർത്തങ്ങു വാഴുന്നൊരീ കോഴിയും
പ്രാണനെടുക്കുവാൻ നീതയാണെന്നാലും
ആ സ്വാതന്ത്ര്യമെന്നവകാശമല്ലേ

# മുത്തശ്ശി പാട്ട്

ഗായത്രി.എൻ.വി. -8 c



മുത്തശ്ശി പാട്ടിന്റെ ഓർമകളിൽ
ഞാനെന്നും എത്തുമീ തിരുമുറ്റത്ത്
തിരുവോണ കാലത്തിൻഓർമ്മ തന്നെന്റമ്മ
ഇനിയും മറക്കാത്ത ഓർമകളായി
മുത്തശ്ശി ഇന്നെനിക്കോർമയായി
പഴങ്കഥ പറഞ്ഞമ്മയോർമയായി
തുമ്പപ്പൂ കാക്കപ്പൂ ഞാനറിഞ്ഞൂ-
മാതാവിൻ വാത്സല്യ മൊഴികളാലേ
പാടം നിറയെ കതിരു കൊയ്യാൻ
തത്തകൾ പാറി പറന്നിരുന്നു
എല്ലാം മുത്തശ്ശി പറഞ്ഞപോലെ
എൻ മനമാകെയെൻ ഗ്രാമമാണ്
ഗ്രാമത്തിൻ നിർമല ഭംഗിയാണ്
ഓർമ്മതൻ തിരുമുറ്റത്തെത്തുമ്പോൾ
എന്ത് സുഗന്ധമാം ഈ മണ്ണ്
മലയാള നാടിന്റെ ഹരിത ഭംഗീ
ഇന്നെനിക്കെല്ലാം പഴങ്കഥയായി
മുത്തശ്ശി പാട്ടിന്റെ ഓർമയായി
മുത്തശ്ശി പറഞ്ഞ കഥകൾ പോലെ

# Says

Farsana Fathima
12'th H2
31

*Action speak louder than words

*Behind great man is a great woman-

*The best things in life are free

*Better late than never

*Blood is thicker than water

*A chain is no stronger than its weakest link

*Charity begin home

*A change is a good as a rest

*The child is the father of man

*Cleanliness is next to godliness

*Clothes make the man

*Every dog has his day

*The grass is always greener on the other side of the fence

*Money doesn't grow on trees

*Many hands make light

*Don't judge a book by its cover

*Love is blind

*You can't make a omelette without breaking egg

*Practice make perfect

*Virtue is its own reward

*One swallow doesn't make a summer

*East or west , home is the best

*A friend in need is a friend indeed


# FEEL MISSING

Why I am like this
Why I am became sad without any reason
If I miss anyone?
But who
I don't know
I can't concentrate on my ways
Why I become careless
I don't think about anyone
but I feel I missing someone
But who
I want to know who is that
But I don't know How can I find him
If I find him or not
I know one thing
That person influence me a lot
That's why I miss him.

Shana Shihabu

***12'th commerce***

# MACRONI ROAST



***INGREDIENTS***

macroni =1/2 kg
chopped onion = 50 g
chopped ginger = 10 g
salt = as needed
green chilly = 2 nos
chilly powder = 1 table spoon
pepper powder = 1/2 teaspoon
coconut oil = 50 ml
curry leaves = as needed

PREPARATION

Take a pan with water to cook the macroni. Cook it for 5 minutes. Take a pan and pour some coconut oil and roast the chopped onion, chopped ginger,green chilly, curry leaves and chilly powder. Roast till the onion gains a brownish colour. Then drain the water from the macroni and put it in the roasted masala. Then add some coconut oil and mix it. Now our macroni is ready to serve. Take it in a bowl and eat it.

Recipe by

ADIDEV.M
8C

# LOVE


LOVE  everyone without any restriction
but don't hope it will get back
because it is not a thing
it is a feeling
it never get to buy
it only came from heart
Don't hurt anyone for love and-
Don't love anyone for hurt.
Love is blind everything.



We never know where,how,and
when it came.
It came without our permission
and it can't go without our
permission.
Sometime love is like a rain
and make us wet.
But some time it like a hot sun
We love anything it will be easy
and we hate anything it will be difficult.
Love is the medicine for all patients.
Love your friend,family,and your soulmate
and never hope it will get back
May be we got back is sad.
but never stop loving them.
because ,one day we will get back
twice of love our give.
In this world is full of love
but most beautiful and precious
and unrestricted love that get
only from our mother and God.
Love everyone without any restriction
but don't hope it will get back.

Farsana Fathima
12'th H2

**31**




# എന്റെ ജീവിതയാത്ര

## പുസ്തകാസ്വാദനം



ഗായത്രി എൻ.വി

എട്ട്. സി

രാമേശ്വരത്തെ ഒരു ഗ്രാമത്തിൽ ജനിച്ചു വളർന്ന് ലോകമറിയപ്പെടുന്ന ഒരു ശാസ്ത്രജ്ഞനുംഇന്ത്യയുടെപ്രഥമപൗരനുമായിമാറിയഡോഎ.പ.ജെഅബ്ദുൾകലാം തന്റെഎട്ടുപതിറ്റാണ്ടു നീണ്ട വളർച്ചയുടെപിന്നിലെ കഷ്ടപ്പാടുകളും വെല്ലുവിളികളുംഎന്റെജീവിതയാത്രഎന്നപുസ്തകത്തിലൂടെഓർത്തെടുക്കുന്നു.തന്റെ കഴിഞ്ഞകാല ജീവിതത്തിലെ പ്രധാന സംഭവങ്ങളും ബാല്യം മുതലുള്ള വളർച്ചയിൽതാങ്ങായുംപ്രോത്സാഹനമായുംനിന്നചിലവ്യക്തികളെയുംമാതാപിതാക്കന്മാരെയുംതന്റെചിന്തകളെയ,കാഴ്ച്പാടുകളെയുംരൂപപ്പെടുത്താൻസഹായിച്ചമാർഗദർശികളെയുംഅദ്ദേഹംഓർമ്മിക്കുന്നു. അതോടൊപ്പംതന്നെ പരാജയങ്ങളുടെയും,തിരസ്ക്കരിക്കപ്പെടലുകളുടെയും ഓർമ്മകളുമുണ്ട്.

ഈ വർഷകാലങ്ങളിലുടനീളമുള്ള അനുഭവങ്ങളിൽ നിന്നും അദ്ദേഹം പഠിച്ച, പഠിപ്പിച്ച പാഠം ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്വപ്നം കാണുക ഈ സ്വപ്നങ്ങളെയെല്ലാം യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി കഠിനമായി പ്രയത്നിക്കുക അങ്ങനെ ചെയ്താൽ വിജയം ഒട്ടും വൈകില്ല, എന്നതാണ്. അദ്ദേഹം കണ്ടുമുട്ടുന്ന അനവധി ആളുകളോട് എപ്പോഴും പറയുന്നൊരു കാര്യം സ്വപ്നങ്ങളെന്നത് നമ്മുടെ ഉറക്കത്തിൽ നാം കാണുന്ന്ഒന്നല്ലഅത്ഒരുവനെഒരിക്കലുംഉറങ്ങാൻ അനുവദിക്കാത്തവയാണ്.ഈയൊരു സന്ദേശം തന്നെയാണ് അദ്ദേഹം അനുഭവത്തിലുടനീളം വിവരിക്കുന്നത്.

ഒരു ദിവസം അദ്ദേഹം തന്റെ പൂന്തോട്ടത്തിലെ വിശിഷ്ടമായ ഒരു അർജ്ജുനമരത്തിന്റെ ചുവട്ടിൽ എപ്പോഴുമെന്നപോലെ നിന്നു.പുതിയ ഏതെ ങ്കിലും തേനീച്ച ക്കൂടുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോയെന്നും പക്ഷികൾ നിർമ്മിച്ചിരിക്കാവുന്ന ഏതെങ്കിലും പുതിയ കിളിക്കൂടുകൾ ഉണ്ടോയെന്നും അദ്ദേഹം ശ്രദ്ധിച്ചു.അദ്ദേഹം അതിന്റെ ശിഖരങ്ങളിലേക്ക് നോക്കി. ഡൽഹി നഗരത്തിലെ ആ വൃക്ഷത്തിന്റെ മുകളിലേക്ക് അദ്ദേഹം തുറിച്ചു നോക്കിയ ആ നിമിഷത്തിൽ സ്വന്തം പിതാവിനെക്കുറിച്ചുള്ള എന്തൊക്കെയോ ഉൽക്കടമായ ഓർമ്മകൾ മനസ്സിലേക്ക് ഓടിയെത്തുകയായിരുന്നു.അങ്ങനെ ആനന്ദത്തിന്റെ അനുഭൂതികൾക്കും പുഞ്ചിരികൾക്കുമൊപ്പം അദ്ദേഹം തന്റെ ബാല്യകാലത്തെ തിരിച്ചു വിളിച്ചു.അങ്ങനെയാണ് എന്റെ ജീവിതയാത്ര എന്ന പുസ്തകം എഴുതാൻ പ്രേരണയായത്.ആദ്യകാല പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായി എന്റെ ജീവിതയാത്ര എന്ന പുസ്തകം അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ ചെറുതും അറിയപ്പെടാത്തതുമായ സംഭവങ്ങൾക്കുമാണ് ഊന്നൽ കൊടുക്കുന്നത്.

ജീവിതത്തിൽ പ്രതിബന്ധങ്ങളുണ്ട് .അതിനെ മറികടക്കാൻ നിശ്ചയദാർഢ്യമുള്ള ഹൃദയത്തിനു കഴിയും എന്ന് അദ്ദേഹം പഠിപ്പിച്ചു തരുന്നു. സ്വന്തം ജീവിതം തന്നെ ഒരു തുറന്ന പുസ്തകമായി , എല്ലാവരുടെ ജീവിതത്തിലും വെളിച്ചമേകാൻ കാത്തു സൂക്ഷിക്കുന്നു.എന്നും ആ നല്ല മനുഷ്യൻ.........

# സ്നേഹതീരം



ഓർമ്മതൻ ചെപ്പു തുറന്നിടുമ്പോൾ
ഓർമ്മിച്ചിടാൻ എനിക്കേറെയുണ്ട്
വഴക്കുളത്തെ കലാലയത്തിൽ
വർഷങ്ങളേറെ കഴിഞ്ഞിടുമ്പോൾ
ഉള്ളം കുളിർക്കുന്ന വാക്കുകളാൽ
കുഞ്ഞുങ്ങളോടൊത്തു നാട്ടുകാരും
എവിടെന്റെകണ്ണോടിചെന്നീടിലും
അവിടെല്ലാമുണ്ടായി സൗഹൃദങ്ങൾ
വേർപാടുചൊല്ലിപ്പിരിഞ്ഞവരെത്ര പേരെങ്കിലും
മുണ്ടിന്നു മതിലേറെ മിത്രങ്ങൾ
കുറവുകളേറെ ഉണ്ടായിരുന്നിട്ടും
ഒത്തൊരുമിച്ചൊരുശക്തിയായ് ഞങ്ങൾ
സത്യമാണേറെ ഞാനിഷ്ടപ്പെടുന്നതീ
പഴമതൻ പേരുള്ള വിദ്യാലയത്തിനെ

അനുഭവസഷ്യങ്ങൾ ഏറെയുണ്ടായതിൽ
ഓർമക്കുറിപ്പാക്കി കാത്തുവച്ചീടുവാൻ
കീർത്തിതൻ നെറുകയിൽ എത്തിനിൽക്കുന്നു
ജീവൻ തുടിക്കുന്ന എൻ സ്നേഹവിദ്യാലയം
സ്നേഹിച്ചിടുന്നു ഞാനിന്നുമീ മക്കളെ
സ്നേഹിച്ചിടുന്നു ഞാനീകലാലയത്തെ

റൂബിയ എം.ബി
അധ്യാപിക

# കുഴപ്പിക്കുന്ന ചോദ്യോത്തരങ്ങൾ

1.എസ്.എസ് .എൽസി മുതൽ സിവിൽ സർവീസ് വരെ പഠിച്ച എല്ലാ കോഴ്സുകൾക്കും 1ാം റാങ്ക് നേടി റെക്കോർഡിട്ട മലയാളി ?

ഉത്തരം:രാജ നാരായണ സ്വാമി.

2 .2012 ൽ അന്താരാഷ്ട്ര ക്രിക്കറ്റിനോട് വിട പറഞ്ഞ ഇന്ത്യൻ ക്രിക്കറ്റർമാർ ?

ഉത്തരം :രാഹുൽ ദ്രാവിഡ്, വി .വി.എസ് ലക്ഷ്മൺ .

3 .2012 ൽ ഏകതിന ക്രിക്കറ്റിനോട് വിട പറഞ്ഞ ഇന്ത്യൻ ക്രിക്കറ്റർ ?

ഉത്തരം :സച്ചിൻ ടെണ്ടുൽക്കർ .

4 . പൂർണമായും ഇന്ത്യൻ മൂലധനം കൊണ്ട് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ ബാങ്ക് ?

ഉത്തരം :പഞ്ചാബ് നാഷണൽ ബാങ്ക് .

5.ഇന്ത്യയുടെ വജ്രനഗരം എന്നറിയപ്പെടുന്നത് ?

ഉത്തരം :സൂററ്റ്

6.ദേശിയ അധ്യാപക ദിനം ?

ഉത്തരം : സെപ്റ്റംബർ 5

7.അന്തർ ദേശിയ അധ്യാപക ദിനം ?

ഉത്തരം :ഒക്ടോബർ 5

8.ഇരുണ്ട ഭൂഖണ്ഡം എന്നറിയപ്പെടുന്നത് ?

ഉത്തരം :ആഫ്രിക്ക

9.വെളുത്ത ഭൂഖണ്ഡം എന്നറിയപ്പെടുന്നത് ?

ഉത്തരം :അന്റാർട്ടിക്ക

10 സായാഹ്ന നക്ഷത്രം എന്നറിയപ്പെടുന്ന ഗ്രഹം ?

ഉത്തരം :ശുക്രൻ

11.മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യനോവൽ ?

ഉത്തരം :ഇന്ദുലേഖ

12.ഇന്ത്യയിലെ ഏറ്റവും പ്രായം കൂടിയ രാഷ്ട്രപതി ?

ഉത്തരം :ആർ വെങ്കിട്ടരാമൻ

13.ഇന്ത്യയിലെ ഏറ്റവും പ്രായം കുറ രാഷ്ട്രപതി ?

ഉത്തരം :നീലം സഞ്ജീവറെഡ്ഡി

14.പ്രക്രതിയിൽ കാണപ്പെടുന്ന ഏറ്റവും കടുപ്പമുള്ളവസ്തു ?

ഉത്തരം :വജ്രം

15.ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന ഏറ്റവും വലിയ രാജ്യം ഏത് ?

ഉത്തരം : ചൈന


16.ഇൻഫോ പാർക്ക് സ്ഥിതി ചെയ്യുന്നതെവിടെ?

ഉത്തരം :എറണാകുളം

# എന്റെ ഊഞ്ഞാൽ

ഹാഫിസ 8c

മുറ്റത്തു നിൽക്കുന്ന ചക്കരമാവിന്റെ
താഴത്തെ കൊമ്പത്തൊരുഞ്ഞാൽ
ഊഞ്ഞാൽ കെട്ടിയതാരാണ് ?
ഊഞ്ഞാൽ കെട്ടിയതച്ചനാണ്
ഊഞ്ഞാലിലാടുന്നതാരാണ്
ഊഞ്ഞാലിലാടുന്നതപ്പുവാണ് .




Anandakrishnan.V.

**മിനിമോൾ**

**അധ്യാപിക**




ANADA KRISHNAN
8C

## സംഖ്യാവിശേഷം

നന്ദന വിനോദ് 9C

## തിരിച്ചാലും മറിച്ചാലും ഉത്തരം തുല്യം

A. 31*26=806
13*62=806

B. 21*24=504
12*42=504

C. 21*36=756
12*63=756

D. 23*96=2208
32*69=2208

E. 12*84=1008
21*48=1008

F. 23*64=1472
32*46=1472

G. 13*93=1209
31*39=1209



H. 14*82=1148
41*28=1148

I. 24*84=2016
42*48=2016

J. 26*93=2418
62*39=2418

K. 36*84=3024
63*48=3024


L. 46*96=4416
64*69=4416

M. 34*86=2924
43*68=2924

# Kerala

*FABEENA BASHEER*

*IX B*




**Kerala is a state on the south western, Malabar coast of India It was formed on 1st November 1956 following passage of the state recognition act by combining malayalam speaking region. Spread over 38,683 kilo meter (15,005 sq m)/ Kerala the 22nd large indian stae by area.it is bordered by karnataka to the north and north-east,TamilNadu to the east and south and the lakshadweep island and Arabian sea to the west. Kerala is the 13th largest Indian state by population. It is divided into 14 districts with the capital and largest city being Thiruvanantapuram. Malayalam is the most widely spoken language and is also the official language of the state. Even though the city of kochi is more densely populated. Which is bigger than Bhutan but smaller than Switzerland. There are 14 district in kerala. They are thiruvananthapuram, kollam, pathanamthitta, alappuzha, kottayam, idukku, ernakulam, thrichur, palakad, malappuram, kozhikode, wayanadu, kannur, kasargod. Kerala is also known as 'gods own country' and 'land of coconut tree'.the state is bordered by a number of beaches; covered by hills of western ghats and filled with back waters. TamilNadu, Karnataka, AndraPradesh are the neighbour states of Kerala. Kerala is a tourist destination attracting people by its natural beauty. The other main centre of attraction in Kerala are the museum, houseboat,and island. Some of the famous tourist place in Kerala are thekady, alappy, kumarakom, wayanadu, kovalam and So on.**




**സ്കൂളിന്റെ അഭിമാനനമായ മുഹമ്മദ് അജാസ് സംസ്ഥാന ശാസ്ത്രമേള**




Suhail 2018 8-C


Hrithika.B
Class VIII C





# ഈ വർഷം പടിയിറങ്ങുന്ന എസ് .എസ്. എൽ .സി ബാച്ച്



## ജി എച്ച് എസ് വാഴക്കുളം സ്റ്റാഫ്





ഹൈടെക്ക് വിദ്യാലയ ക്ലാസ്റൂം

# മാമ്പഴപ്പുളിശ്ശേരി

സരിഗ ബാബു
8C



ചെറിയ മാമ്പഴം = 4 എണ്ണം
പച്ചമുളക് = 4 എണ്ണം
തേങ്ങ = അരമുറി
തൈര് = അരകപ്പ്
ജീരകം = അരടീസ്പൂൺ
വെളുത്തുള്ളി = 2 ചുള
മുളകുപൊടി = ഒരു സ്പൂൺ
മഞ്ഞൾപൊടി = കാൽ ടീസ്പൂൺ
ഉപ്പ് =പാകത്തിന്

**താളിക്കാൻ**

വെളിച്ചെണ്ണ
കടുക്
ഉലുവ
വേപ്പില
വറ്റൽ മുളക്
ചുമന്നുള്ളി
വെളുത്തുള്ളി

## തയാറാക്കുന്ന വിധം

മാമ്പഴം തൊലികളഞ്ഞു ഒരു മൺകുടത്തിൽ ആകുക. അതിലേക്കു 4 പച്ചമുളക് നീളത്തിൽ കീറിയതും ഒരു ടീസ്പൂൺ മുളകുപൊടിയും പാകത്തിന് ഉപ്പും ചേർത്ത് അര ഗ്ലാസ് വെള്ളം ഒഴിച്ച് മുടിവെക്കുക. തേങ്ങാ ചിരവിയതും ജീരകം വെളുത്തുള്ളി എന്നിവ ചേർത്ത് അരപ്പ തയ്യാറാക്കുക .വെന്ത മാമ്പഴത്തിലേക്കു അറപ്പ ചേർക്കുക . തിളവരുമ്പോൾ തീ കുറച്ചതിനു ശേഷം തൈര് ചേർത്ത് ഇളക്കുക.

പിന്നെ തിളച്ചുപോകാതെ അടുപ്പിൽ നിന്ന് മാറ്റുക താളിയാക്കുന്നതിനായ് ചുവന്നുള്ളി വെളുത്തുള്ളി എന്നിവ വട്ടത്തിൽ അരിഞ്ഞു വയ്ക്കുക. അടുപ്പിൽ ഒരു ചെറിയ പാൻ വച്ച് വെളിച്ചെണ്ണ ഒഴിക്കുക.ചൂടായ വെളിച്ചെണ്ണയിലേക്കു കടുക് ഉലുവ എന്നിവ ഇടുക ഇവ പൊട്ടികഴിമ്പോൾ ചുവന്നുള്ളിയും വെളുത്തുള്ളിയും വറ്റൽ മുളക് വേപ്പില എന്നിവ ചേർത്ത് മൂപ്പിച്ചു കറിയിൽ ചേർക്കുക. രുചികരമായ മാമ്പഴ പുളിശ്ശേരി എവിടെ തയാറായി കഴിഞ്ഞു.

Time would make us forget some memories. But there would be some memories which would make us forget time



SHIFALA AFRIN

## സന്ധ്യ

മാളവിക.കെ.ബി

VIII C

സന്ധ്യേ നിൻ കാലൊച്ച കേൾക്കുവാനായ്
പതിവായി ഉമ്മറകോലായിൽ ഞാനിരുന്നു
സന്ധ്യതൻ സൗന്ധര്യം മാറാത്ത
ചിത്രമായ് എന്നും എൻ മനതാരിൽ നിറഞ്ഞിരുന്നു
സന്ധ്യക്ക് കൊളുത്തുന്ന നിലവിളക്കിന്റെ
ചുവട്ടിൽ ഞാൻ ഹരിനാമകീർത്തനം ആലപിച്ചു
സന്ധ്യേ നിൻ സൗന്ദര്യം എന്നും കാണുവാനായ്
മനതാര് ഇന്നും തുടിച്ചിടുന്നു.
ഇന്ന് ഈ മണലാരണ്യ ഭൂവിൽ ഞാൻ
സന്ധ്യയോ രാത്രിയോ അറിയാതെ
എന്നും പകലുകളെ മാത്രം പുണർന്നീടുന്നു.
എന്റെ ഗ്രാമവും സന്ധ്യയും മധുരിക്കുന്ന
ഓർമയായി മനസ്സിന്റെ ഏതോ കോണിൽ ഒളിഞ്ഞിരിക്കുന്നു

# എന്റെ ബാല്യം

അശ്വനി.ഒ.കെ
IX B

ഇനി എന്നു വരുമാ വസന്തകാലം
സുന്ദര സ്വപനങ്ങൾ നൽകി
പോയെൻ ബാല്യകാലം
നിറമുള്ള പൂപോലെ നീ വിരിഞ്ഞു
അന്നു നീ നൽകിയ സൗരഭ്യവും
സുന്ധരമാം നിൻ പുഞ്ചിരിയും
എൻ മനതാരിൽ എന്നും മറയാതി
രുന്നെങ്കിലെന്നു ഞാൻ കൊതിച്ചു
വിധ്യതൻ വിരൽതുമ്പിൽ പിടിച്ചതും
കൂട്ടുകാരോടോത്ത് കളിച്ചുരസിച്ചത്തും
പിന്നെ കുസൃതികൾ കാട്ടിനടന്നതും
ഇന്നലെയെന്ന പോലെ തോന്നും
കാം നിന്നെ മാച്ചു കളയാതിരുന്നെങ്കിൽ
എത്ര സുങരമാജീവിതം
ഇനി എന്നവരുമാ വസന്തകാലം
സുന്ദരസ്വപ്നങ്ങൾ നൽകീട്ടുവാൻ

# എന്റെ സ്വപ്നമാം കേരളം

*കേരളം കേരളം പച്ചയാം നയിത്*
*കേരളം നിറയുന്ന പുണ്യനാട്*
*സ്നേഹത്തോടൈക്യത്തിൽ*
*നീങ്ങിടും നാടിത്*
*നാനാമനസ്ഥർ നിറയും നാട്*
*പൂക്കൾ ചിരിക്കുന്നു പൂംകുയിൽപാടുന്നു*
*നീന്തിത്തടിക്കും വെൺമേഘങ്ങളും*
*പച്ചവിരിച്ചീട്ടും പുൽത്തകിടിക്കിടെ*
*കളകളം പാടിടും ചെറുനദികൾ*

*സ്നേഹം മുഖമുദ്രയാക്കീടേണം*
*കരുണയോടെന്നും പ്രവർത്തിക്കണം*
*ദൈവാശ്രയത്തിൽ നാം നീങ്ങിടേണം*
*കേരളമക്കളായ് ജീവിക്കണം*
*സത്യത്തിലെന്നും വിളങ്ങീടേണം*
*നീതി പരിചയായ് കൂടെ വേണം*
*വേദനിക്കുന്നൊരു സോദരെ കാണുവാൻ*
*നല്ലൊരു ചിത്തവും ഉണ്ടാകണം*

*ദാനമായ് കിട്ടിയ സൽഗുണങ്ങൾ*
*ഒന്നിനെന്നൂറാക്കി വർധിപ്പിച്ച്*
*സഹജനവുമായി പംകുവച്ചീടുന്ന*
*ഉത്തമനാകണം കേരളീയൻ*

# കാട്ടാറിന്റെ രോദനം

**പാത്തുമ്മ കെ കെ**
**ഹിന്ദി അധ്യാപിക**
**GHSS SOUTH VAZHAKULAM**

വറ്റി വരണ്ടൊരു നീർച്ചാല്യ ഞാനിന്നു-
കാട്ടാറെന്നതു പേരിൽ മാത്രം.
വറ്റി വരണ്ടുപോയി എൻ കൈവഴികളുമിന്നു
വൈരൂപ്യമാം വിധം മാലിന്യവും പേറി
ദുർഗന്ധമേറുമെൻ നീറ്റിൽ പിടയുന്നു
വെടിയുന്നു ശേഷിച്ച ജീവൻ തുടിപ്പുകൾ.
രൂപം നശിച്ചോരെൻ പ്രയാമവും നിലയ്ക്കുന്നു
ഓർമയിൽ മാത്രമായി നാമം മറയുന്നു.
എൻ രൂപമീവിധം മാറ്റി എടുത്തതും
നേരും നെറിയുമറിയുന്ന മർത്ത്യനോ ?
എൻ പുണ്യമേറെ പുകഴ്ത്തി പറഞ്ഞു
കൊണ്ടെന്തിനീ ദുർവിധി ഏകി എനിക്കുനീ
പുണ്യമാം എൻ തീർത്ഥം ആവോളം പങ്കു-
വച്ചെൻ മടിത്തട്ടിൽ വളർന്നതിനോ ?
സ്വച്ഛശീതളമാം ഛായയിൽ നീയെന്നും
സന്തോഷ സന്താപം പങ്കിട്ടതിന്നോ ?
എൻസാന്ദ്ര സംഗീതം നിൻ മനതാരിനായ്
ഏകിയ ഹർഷാരവത്തിനോ ?
നീരിനായ് നെട്ടോട്ടമോടേണ്ട ദുർവിധി
നിൻ ചാരെ എത്തിയതും നീ അറിഞ്ഞുവോ ?
എങ്കിലും മർത്യ നീ ഒന്നോർത്തു കൊള്ളുക
ഞാനില്ലയെങ്കിൽ ശൂന്യമായ് പാരിടം
ഇനിയുമൊരു "യുദ്ധം" നീരിനായ് നിശ്ചയം
നിൻ ചെയ്തികൾ നിനക്കേകുന്ന സമ്മാനം

# മഴ

മഴയെ മഴയെ നീ പെയരുതെ
മനസ്സിന്റെ മായാലോകം അറിയരുതെ
മഴയെ മഴയെ നീ പെയറുരുതെ
മനസ്സിന്റെ മായാലോകം അറിയരുതെ
രാത്രി മഴയോ ഇരുട്ടിന്റെ മായാജാലം
കുളിർ കാറ്റിന് ഈണങ്ങൾ എൻ
കത്തിൽ മുഴങ്ങുന്നു എൻ കത്തിൽ മുഴങ്ങുന്നു

# സുപ്രഭാതം

സൂര്യനുദിക്കുന്ന്ത്ും നോക്കിനിന്നു ഞാൻ
സൂര്യയ പ്രഭയിൽ കടൽ സ്വർണമായി
കടലിൽ തിരമാലകൾ ആഞ്ഞു വന്നു
അലകൾ എന്നെ തഴുകിപ്പോയി
നഗരത്തിന് വെളിച്ചമാണ് സൂര്യോദയം
സുപ്രഭാതത്തിന് സമയമായി
പറയുക നീ സുപ്രഭാതം.



അഭിരാമി രാജ്-XB

# എന്റെ അമ്മയും മാതൃഭാഷയും

അമ്മതൻ താരാട്ടിനുണ്ടൊരു മാധുര്യം
മാതൃ ഭാഷയ്ക്കുമുണ്ടൊരാ മാധുര്യം.
താളവും ഈണവു തെറ്റതെ ചൊല്ലുനീ
അമ്മേ എന്ന് മനസ്സറിഞ്ഞ് വിളിക്കുന്നു നി
വളരട്ടെ ഭാഷയെയും പെറ്റമ്മയെയും
വരും കാലത്തിൽ ഒരുനല്ല തലമുറ വളർത്തിയൊരമ്മ
തോട്ടു വണങ്ങീടുവാൻ ഭാഗ്യമുണ്ടാകം
എന്നിട്ടോ അമ്മയുമായുള്ള പൊക്കിൾ ബന്ധം മുറിച്ചു കളഞ്ഞറ്റ് നീ
മറ്റു സംസ്കാരത്തിൻ വേരുകൾ തേടി നീ പോയീചല്ലെ

# ജീവിതം

**ഗോപിക പി ജി -10B**

നിർത്താതെ പെയ്യും മഴയത്ത്
നിന്നെയോർത്തെൻ മനം വെതുമ്പുന്നു
ആരും ശ്രുതിമീട്ടാത്ത വീണപോലെ
എൻ ഹൃദയം നീറുകയാണ്.
ജീവിതമെന്ന മങ്ങിയ പാതയിൽ
ഞാൻ എകയായ് നിൽക്കുന്നു.
ഇളംകാറ്റിൽ ളുവൽ പാറികളിക്കുമ്പോൾ
ജീവിതം മാറിമറിയുന്നു.
മനസ്സിൽ വിങ്ങുന്ന സ്വപ്നത്തിൽ നിറഞ്ഞൊരു
വെളിച്ചത്തിൽ നിൻമുഖം മാത്രം
എനിക്ക് നീ തന്നെ സ്നേഹം
നീ അറിയാതെ നിന്നെ ഞാൻ സ്നേഹിച്ചുപോയി
ആർക്കോ കൊടുക്കാൻ കാത്ത് വച്ച സ്നേഹം.
എന്നിൽ നിന്നേ നിന്നിലേക്കലിഞ്ഞ്ചേർന്നു



# Unconditional love

by: Shifna.Jabbar
c1

unconditional love is known as affection without any limitations or love without conditions. This term is sometime associated with other term such as true devotion to humanity or complete love. Each area of expertise has a certain way of describing unconditional love, but most will agree that it is that that type of love which has no bounds and is unchanging. It is a concept comparable to true love, a term which is generally used to describe love between lovers. Unconditional love is also used to compare love between family members, comrades in arms and others in highly committed relationship. An example for this is a parents love fore their children, no matter a test score, a life changing decision, an argument or a strong belief the amount of love that remains in this bond is seen as unchanging and unconditional.

In Christianity unconditional love is thought to be four lovers, affection, friendship, and charity. In physiology unconditional love refers to a state of mind in which one has the welfare of another, despite any evidence of benefit for oneself.

In Hinduism and Buddhism the Sanskrit word bakthi is apparently used by some to refer to the concept of unconditional love. Unconditional love can only be directed to allah, the highest spiritual attainment in Islam is related to the love of god. They love them as they should love god. But those of Faith are overflowing in their love for god.

*O lovers!the religion of the love*
*of god is not only found alone in Islam alone*
*in the realm of love , there is neither*
*belief nor unbelief.*

Unconditional love should not be mistaken with unconditional dedication: unconditional dedication or duty refers to an act of wills irrespective of feelings, irrespective of wills.

Unconditional love separates the individual from her or his behaviours. However the individual may exhibit behaviours that are unacceptable in a particular situation. It is a mean by which we enable and reach human potential

# അധ്യാപകൻ

അധ്യാപകൻ എന്ന അറിവിന്റെ അക്ഷയഖനിക്കു മുന്നിൽ ഞാൻ എന്റെ ശിരസ് നമിക്കുന്നു . ചങ്ങാ യായ് വന്ന് അറിവിന്റെ മായാലോകത്തേക്ക് എന്നെ കൂട്ടി കൊണ്ട് പോവുകയും സഹായം ആവശ്യമുള്ളപ്പോൾ എന്നെ സാഹായിക്കുകയുംഎനിക്കൊരു പ്രശ്നം വന്നാൽ രക്ഷകർത്താവിനെ പോലെ പരിഹരിക്കുന്നവനാണെന്റെ ഗുരുനാഥൻ . ഗുരുശാപം നേടിയവന്റെ ജീവിതം നശിക്കും എന്നാണ് .

**"മാതാപിതാഗുരുദൈവം"**

മാതാപിതാക്കൾക്ക് ശേഷം നാം ആദരിക്കേണ്ടത് നമ്മുടെ ഗുരുക്കന്മാരെയാണ് വിദ്യയെന്നാൽ വെളിച്ചം നൽകുന്നവർ എന്നാണ് . ഒരു മനുഷ്യന്റെ സ്വഭാവം രൂപീകരണം വിദ്യാഭ്യാസമാണ് നിശ്ചയിക്കുന്നത് .

ഒരു വ്യക്തിയുടെ വിജയത്തിനു പിന്നിൽ ഒരു അധ്യാപകന്റെ സഹായം ഉണ്ടാകും നമ്മൾ വലിയ പരീക്ഷകളിൽ ജയിക്കുമ്പോൾ നമ്മൾ സന്തോഷിക്കുന്നതിലധികം , നമ്മുടെ ഗുരുക്കന്മാർ സന്തോഷിക്കും . നമ്മുടെ ഗുരുക്കന്മാർ നാം
തിരസ്കരിക്കാതെ നമസ്കരിക്കണം അപ്പോൾ നമ്മുടെ ജീവിതത്തിൽ വിജയം മാത്രമേ ഉണ്ടാവുകയുള്ളൂ .



വിദ്യാരംഗംകലാസാഹിത്യവേദി
സംസ്ഥാനസർഗോത്സവത്തിൽ
നാടൻപാട്ടിൽ മികവ് തെളിയിച്ച
പ്രതിഭ

**അരുണിമ സലു**

# കുട്ടികളും ജൈവ പച്ചക്കറിത്തോട്ടവും









# പ്രതിരോധവും അതിജീവനവും പ്രവാസ സാഹിത്യത്തിൽ

**പ്രിയ പി.നായർ**

**ഹയർസെക്കൻററി മലയാളം അധ്യാപിക**

ആധുനികതയുടെ കാലത്ത് ഒറ്റപ്പെടലിന്റെയും ഉൾവലിയലിന്റെയും സങ്കർഷം അനുഭവിക്കുന്ന ജനതയെ കേന്ദ്രമാക്കി നോവലുകൾ രചിക്കപ്പെട്ടതെങ്കിൽ ആധുനികാനന്തരതയിൽ വ്യക്തികൾക്കോ സമൂഹത്തിനോ മാത്രമല്ല പ്രാധാന്യം മറിച്ച സ്ഥലം ,കാലം തുടങ്ങിയ പരികല്പനകളിലൂടെ രേഖപ്പെടുത്തുന്ന മാറ്റങ്ങളെയാണവ ഉൾക്കൊള്ളുന്നത്. വൈവിധ്യപൂർണമായ വിദേശ ഭൂമിശാസ്ത്രത്തെ മലയാള നോവലിസ്റ്റുകൾ മുൻപെങ്ങുമില്ലാത്തവിധം ആവിഷ്ക്കരിക്കുന്നതും ആധുനികാനന്തരത എന്ന് വിശേഷിപ്പിക്കുന്ന കാലയളവിലാണ് .പ്രവാസജീവിതം സമൂഹത്തിലും വ്യക്തികളിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ സ്ഥലകേന്ദ്രീകൃതമായ ആഖ്യാന പരിസരങ്ങളിലൂടെ എപ്രകാരമെല്ലാമാണ് അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നതു എന്ന് ബെന്യാമിന്റെ ആടുജീവിതം ഖദീജ മുംതാസിന്റെ ബർസ എന്നീ നോവലുകളെ മുൻ നിർത്തി ചർച്ച ചെയ്യാൻ ശ്രമിക്കുന്നു .

പ്രവാസ സാഹിത്യം മലയാളത്തിൽ

ആധുനിക കാലഘട്ടത്തിലെ പ്രധാനപ്പെട്ട മനുഷ്യാനുഭവങ്ങളിൽ ഒന്നാണ് പ്രവാസം. ജന്മദേശത്തു നിന്നുള്ളവാസമാറ്റം എന്ന നിലയിലുള്ള പ്രവാസത്തിനു വളരെക്കാലത്തെ പഴക്കമുണ്ട് . പ്രവാസം വിഷയമായി അനേകം രചനകൾ സാഹിത്യത്തിൽ ഉണ്ട് മലയാള സാഹിത്യത്തിൽ പ്രവാസനുഭവുമായി ബന്ധപ്പെട്ട സാഹിത്യവിഷ്കാരങ്ങൾ സവിശേഷ രൂപമെന്ന നിലയിൽ ശക്തി പ്രാപിച്ചത് 21-ാംനൂറ്റാണ്ടിന്റെ തുടക്കത്തിലാണ് . മലയാള നോവൽ അതിന്റെ പ്രാരംഭ ദിശയിൽ തന്നെ ഈ ഒരു സാഹിത്യത്തെ വിനിമയം ചെയ്യുന്നുണ്ടെന്ന് കാണാം ചന്ദുമേനോന്റെ ഇന്ദുലേഖയിൽ മാധവന്റെ വിദേശ ദിനങ്ങളുടെ ആഖ്യാനത്തിലൂടെ പുത്തൻ സാമൂഹിക സാമ്പത്തിക പ്രവണതകളും ദേശ സങ്കൽപ്പവും പ്രകടമാക്കുന്നതായി കാണാം .മറുനാടൻ ജീവിതം കേന്ദ്രമാക്കിയുള്ള എഴുത്തു മലയാളത്തിൽ ആവിർഭവിച്ചിത് 1960 കൾക്കു --ശേഷമാണ്. കുടിയേറ്റത്തിന്റെ പ്രശ്നങ്ങളെ അവതരിപ്പിച്ചു കൊണ്ട് രചിക്കപ്പെട്ട എസ്. കെ പൊറ്റക്കാടിന്റെ 'വിഷകന്യക' ഈ ഗാനത്തിൽ സവിശേഷ ശ്രദ്ധയർഹിക്കുന്ന .ഒരു കൃതിയാണ് പിൽ കാലത്തു നോവലിന്റെ പ്രമേയത്തെയും ദർശനത്തെയും നിർണ്ണയിക്കുന്ന ഘടകമായി കുടിയേറ്റവും പരദേശാകമനവും പ്രവാസവും മാറുന്നുണ്ട് .ഈ കാലയളവിലാണ് ഓ .വി വിജയന്റെയും

മുകുന്ദന്റെയും ആനന്ദിന്റെയും കൃതികൾ ശ്രദ്ധ നേടുന്നത്. മുകുന്ദന്റെ "പ്രവാസം "കെ .വി പ്രവീണിന്റെ "ഡിജാന്റലീ " റഷീദ് പാറക്കലിന്റെ' "ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ "പി മോഹനന്റെ "കാലസ്ഥിതി"ഈ നോവലുകൾ രചിച്ചത് .മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടിയുള്ള പരദേശങ്ങമനാവും തൊഴിലുംവ്യാപാര അവസരങ്ങളുംതേടിയുള്ള കുടിയേറ്റങ്ങളുമെല്ലാം ചേർന്ന് രൂപപ്പെടുത്തിയസവിശേഷ പ്രതിഭാസമാണ് മലയാളിയുടെ പ്രവാസം.അതിവിസ്തൃതമായ നിരവധിഘട്ടങ്ങൾ ചേർന്നതാണ് പ്രവാസംകുടിയേറ്റം പാലായനം ചെയ്യൽ എന്നിവയെല്ലാം പൊതുവിൽ പ്രവാസം എന്ന് വിളിക്കുന്നു ഇസ്രായേലിൽ നിന്ന് മറുനാട്ടുകളിലേക്കു ചിതറിപാർത്ത ജൂതരെ കുറിക്കാനാണ് "ഡയസ്പെറ"എന്ന സജ്ഞ ഉപയോഗിച്ചത് .സൗദിഅറേബിയയുടെ പശ്ചാത്തലത്തിൽ രചിച്ചിട്ടുള്ള പ്രവാസം മുഖ്യ വിഷയമായി വന്നിട്ടുള്ള രണ്ടു വ്യത്യസ്ത നോവലുകളാണ്"ആടുജീവിതവും " "ബാർസയും" .

# मातृभूमी



हे माँ कितना सुन्दर है तुम
हर कोण में कितना रास चुपा है
हर जिन्दकीतुझसे शुरु होता है
हर जिन्दकी तुझसे खतम होता है
तुम्हारी इस भूमी में हम
केवल पे रहते है
क्या हम तुम्हारे प्यार के काबील है
माँ तुम्हीं जिंन्दा सच
बारिश से ठंडा करता है
सूर्य किरणों सेगरम करता है
पक्षियों के गीत सेहर सुबह अमूल्य होता है
निला और तारे रम श्रेष्ठ बनाता है
माँ के बदले सिर्फ माँ ही होता है
प्यार समर्पण त्याग सबके
उदाहरण है मातृभूमि
हम तुम्हारी पाँव चूमते है

सोना मारटिन

# शादी - प्यार का बंधन




मेहरुन्निसा

आज के जमाने में शादी के नाम पर आडंम्परऔर दुरव्यय बढते दा रहे है,यह केवल पारिवारिक ही नहीं बल्कि एक सामाजिक समस्या बन गयी है शादी एक पवित्र बंन्धन हैये सिर्फ दो लोगों का मिलन नहीं बल्कि दो पारिवार का मिलनहै ।

आज सामाज में अपनी प्रतिष्ठा बनाए रखने के लिए बहुत से बन्धु मित्रों को आमन्त्रित कर दावत देने में ज्यादा धन खर्च करने में धनी लोग और साधारण लोग भी तैयार होता हैं वे यह भूल जाते हैं कि विवाह प्रेम का संबनेध है इस में दहेज के पैसे के वजन की अपेक्षा स्त्री और पुरुष के व्यक्तित्व और मनकी एकता ही मुख्य है। फिर भी दहेज के नाम पर अधिक से अधिकपैसेलूटने की प्रवृत्ति समाज में आज भी बनी रहती है ।गरीब लोग ही इसके शिकार बनते हैसबसे बडी समस्याहै।अपनि जमीन बेचकर भी माता पिता केलिए बेटी का विवाह सबसे बडी समस्याहै।जमीन बेचकर भी विवाह केलिए आवश्यक पैसे जुटाने पडता है माँ बाप का मौन विलाप कौन सुनता है ।सोना और पैसे की डिमान्टकी वजह से कई रिशता टूट हो जाता है एक रिशता तब पूर्ण होता है जब दो मन एक होता है पर आज की दुनिया में दहेज के बिना कोई रिशता पूर्णनहीं होता है।

भारतीय सामाज में माँ बाप को बच्चों के प्रति गहरा वात्सल्य है। बच्चों का भलाइ केलिए सब त्याग करने को ने तैयार है।




# പ്രളയം

നമ്മുടെ കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്.എന്നാൽ ആഗസ്റ്റ് മാസം കേരളത്തിന് മറക്കാനാവാത്ത ചിലദിനങ്ങൾ സമ്മാനിച്ചു.1924 ന ശേഷം കേരളം കണ്ട ഏറ്റവുംവലിയ 2018 ലെ പ്രളയം കണ്ടപ്പോൾ യേശുവിന്റെ മേരിയും അല്ലാഹുവിന്റെ ആമിനയും കൃഷ്ണന്റെ ദേവകിയുമെല്ലാം ഒന്നിച്ചിരുന്നു പ്രാത്ഥിച്ചു.അപ്പോൾ ദൈവത്തിന്റെ വരെ മിഴി നിറഞ്ഞു കാണും.ഒരു കാര്യം ഉറപ്പാണ് പ്രാർത്ഥന കൊണ്ട് മാത്രമല്ല ദൈവം നമുക്കീ ശാന്തത നൽകിയത്

മനുഷ്യൻ മനുഷ്യനെ മറന്ന് സ്നേഹിക്കുന്നത് കണ്ടിട്ടും കൂടിയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് യാചിച്ചു കിട്ടിയ 94 രൂപയുമായി

4 കിലോമീറ്റർ നടന്നെത്തിയ മോഹനേട്ടൻ,സൈനികർ കൊണ്ടുവന്ന ബോട്ടിൽ കയറാൻ സ്ത്രീകൾക്ക് സ്വന്തം പുറം ചവിട്ടു പടിയാക്കാൻ

അനുവദിച്ച ജെയ്സൽ എന്ന മത്സ്യതൊഴിലാളി, ഇവരെയൊക്കെ നാമെങ്ങനെ മറക്കും.

ജാതിമതഭേതമില്ലാതെ ക്യാമ്പിൽ കഴിഞ്ഞവർ ഉടുക്കാൻ കൊടുത്തവർ പല വീടുകളിൽ പാവപെട്ടവൻ പണക്കാരൻ എന്നിങ്ങനെ നോക്കാതെ ശുചിയാക്കിയവർ ജാതി മതം നോക്കാതെ ഒരു പള്ളിയിൽ ഉറങ്ങിയവർ എല്ലാവരും കൈകോർത്തു പിടിച്ച ഒരു അനുഭവമാണാ പ്രളയം.

റോസ് മേരി ബെന്നി
8B

## ദശദിന ക്യാമ്പിൻറെ ഓർമ്മകൾ

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ സാമൂഹ്യ പ്രവർത്തന വിഭാഗത്തിൽ ചേർന്ന് പഠിക്കാൻ അവസരം ലഭിച്ചത് ജീവിതത്തിലെ നല്ല മുഹൂർത്തങ്ങളിൽ ഒന്നാണ് . ജീവിതത്തിൽ ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല കൂട്ടുകാരെ ആണ് അവിടെ നിന്നും ലഭിച്ചത്. പത്താംക്ലാസ്സിലും പ്ലസ്ടുവിലും ഡിഗ്രിക്കും ഒപ്പം ഉണ്ടായവരെ പോലെയല്ല , എല്ലാവരെയും ഒരുപോലെ കാണുന്ന നല്ല മനസ്സിനുടമകളായ ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടുന്ന നല്ല കൂട്ടുകാർ. ഞങ്ങളുടെ ബാച്ചിൽ 25 കുട്ടികൾ ആണ് ഉണ്ടായിരുന്നത് .2008 യിൽ അഡ്മിഷൻ കിട്ടിയത് ശ്രീ ശങ്കരയുടെ പ്രാദേശിക കേന്ദ്രമായ ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കടുത്തുള്ള തുറവൂർ ആണ്. സോഷ്യൽ വർക്ക് കൂടാതെ സംസ്കൃതം,മലയാളം,ചരിത്രം ,ഹിസ്റ്ററി വിഷയങ്ങളിൽ ഡിഗ്രി യും പി ജി യും ചെയ്യുന്ന കുട്ടികളും ഉണ്ടായിരുന്നു.അവിടെ ചേർന്ന ആദ്യ ആഴ്ചയിൽ തന്നെ സീനിയോർസ് ഞങ്ങൾ ജൂനിയർസിന് ഒരു ഇൻട്രൊഡക്ഷൻ ക്യാമ്പ് നടത്തിയിരുന്നു. അത് മലയാറ്റൂർ വച്ചായിരുന്നു ഞങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന കോഴ്സിനെ കുറിച്ച് കൂടുതലായി അറിയാൻ ഈ ക്യാമ്പ് ഒരുപാട് സഹായിച്ചു .സീനിയോഴ്സും ജൂനിയേഴ്സും അധ്യാപകരും അടങ്ങുന്ന സംഘം ചേർത്തല റെയിൽവേ സ്റ്റേഷനിൽ നിന്നും അങ്കമാലിയിലേക്കു ട്രെയിനിൽ യാത്ര തിരിച്ചു. ഞങ്ങളുടേത് ഗവ.കോളേജ് ആയതുകൊണ്ട് ട്രെയിനിൽ ഞങ്ങൾക്ക് കൺസെഷൻ ലഭിക്കും .ഡിഗ്രി വരെ പഠിച്ചിരുന്നപ്പോൾ എവിടെയെകിലും ക്യാമ്പോ ടൂറോ പോകുന്നത് ബസ് ബുക്ക് ചെയ്തായിരുന്നു . എന്നാൽ ഇവിടെ നിന്നും 18 ദിവസം നീണ്ടു നിന്ന നാഷണൽ ടൂർ വരെ ട്രെയിനിൽ കൺസെഷൻ എടുത്താണ് പോയത്.അങ്ങനെ MSW പഠിക്കുന്ന സമയത്തെ ആദ്യ ക്യാമ്പ് മലയാറ്റൂർ വച്ച് ഞങ്ങൾക്ക് കിട്ടിയ ഈ ഇൻട്രൊഡക്ഷൻ ക്യാമ്പ് ആയിരുന്നു.മലയാറ്റൂർ താഴത്തെ പള്ളിയിലെ ഡോർമിറ്ററിയിലായിരുന്നു താമസ സൗകര്യം ഒരുക്കിയിരുന്നത്.മലയാറ്റൂർ മലക്കടുത്തുള്ള വനത്തിലേക്ക് ഒരു ട്രെക്കിങ്ങ് ആയിരുന്നു ഒരുക്കിയിരുന്നത്. ട്രെക്കിങ്ങിനു മുന്പായി ഞങ്ങൾ 25 കുട്ടികൾക്കും സീനിയോർസ് ആയിട്ടുള്ള 25 പേരുടെയും പേരുകളെഴുതിയ ലോട്ട് കിട്ടി .അവരവർക്കു കിട്ടിയ പേര്കാരെ കണ്ടെത്തി പരിചയപ്പെട്ട് അന്ന് രാവിലെ മുതൽ വൈകിട്ട് വരെ യുള്ള ട്രെക്കിങ്ങിൽ അവരുമായി സംസാരിച് വൈകിട്ട് ഡോർമിടിയിൽ എത്തുമ്പോൾ കിട്ടിയ ഫ്രണ്ടിനെ ഇൻട്രൊഡ്യൂസ് ചെയ്തു സംസാരിക്കണംഇതായിരുന്നു ഒരു ടാസ്ക്. ഇത്രയും നാൾ സെൽഫ് ഇൻട്രൊഡക്ഷൻ മാത്രം അറിയാമായിരുന്ന ഞങ്ങൾക്ക് മറ്റൊരാളെ ഇൻട്രൊഡ്യൂസ് ചെയ്തു സംസാരിക്കാൻ ഉള്ള കോൺഫിഡൻസ് കിട്ടി . ആ ഇൻട്രൊഡക്ഷൻ ക്യാമ്പ് ഒത്തിരി അറിവ് നൽകുന്നതായിരുന്നു.

പിന്നെ കോഴ്സിന് ജോയിൻ ചെയ്തു അടുത്ത ആഴ്ചയിൽ തന്നെ 10 ദിവസത്തെ റൂറൽ ക്യാമ്പ് ഉണ്ടായിരുന്നു. ഞങ്ങളുടെ ടീച്ചർ പെട്ടെന്ന് റൂറൽ ക്യാമ്പ് നടത്തുന്നതിനായി ക്യാമ്പ് കോർഡിനേറ്റർസ് ആയി 2 പേരെ തിരഞ്ഞെടുത്തു .എല്ലാവരും ചേർന്ന് ക്യാമ്പ് നടത്തേണ്ട സ്ഥലം ചർച്ച ചെയ്തു തീരുമാനിച്ചു .അടുത്തതായി ക്യാമ്പ് കോർഡിനേറ്റർസ് ക്യാമ്പ് നടത്തേണ്ട സ്ഥലം പ്രീ വിസിറ് നടത്തണം. ക്യാമ്പിന് തിരെഞ്ഞെടുത്ത സ്ഥലത്തു ഇത്രയും പേർക്ക് 10 ദിവസം താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടോ എന്നെല്ലാം അന്വേഷിക്കാൻ വേണ്ടിയാണത്.അങ്ങനെ പ്രീ വിസിറ് കഴിഞ്ഞു സ്ഥലം തീരുമാനിച്ചത് ഇടുക്കി ജില്ലയിലെ ചിന്നാറിലും മറയൂരിലുള്ള പെരിയകുടി ആദിവാസികോളനിയിലും ആണ്. ചിന്നാർ വന്യ ജീവി സങ്കേതത്തിൽ 2 ദിവസത്തെ പ്രകൃതി പഠന ക്യാമ്പ് അവിടെ ഞങ്ങൾ വനം വകുപ്പിൻറെ അതിഥികളായി 2 ദിവസം ബാക്കി 8 ദിവസം പെരിയകുടിയിലും. ഇനി ചിന്നാറിലേക്കുള്ള യാത്രയിലെ വിശേഷങ്ങൾ പറയാം . ചേർത്തല യിൽ നിന്നും ഞങ്ങൾ എല്ലാവരും പത്തു ദിവസത്തെ ഡ്രെസ്സും മറ്റു സാധനകളെല്ലാം വലിയ ബാഗിലാക്കി കൃത്യം 7.30 നു എറണാകുളം കെ എസ് ആർ ടി സി സ്റ്റാൻഡിലെത്തി.അവിടെ നിന്നും മൂന്നാറിലേക്കുള്ള കെ എസ് ആർ ടി സി ബസിലായിരുന്നു യാത്ര .ഞങ്ങൾ പത്തിരുപത്തഞ്ചു പേരും അധ്യാപകരും വലിയ ല്ഗഗേജുമായി ആ ബസിൽ കയറിയത് കൊണ്ട് മുന്നാറിലേക്കു പോകാൻ വന്ന പല വിദേശ യാത്രക്കാർക്കും ഇരിക്കാൻ സീറ്റ് കിട്ടിയില്ല .അങ്ങനെ ഉച്ച ആയപ്പോൾ ബസ് മൂന്നാറിലെത്തി. ഉച്ചഭക്ഷണം ഒരു ഹോട്ടലിൽ നിന്നും കഴിച്ചു.ഞങ്ങൾക്ക് ഇനിയും പോകാനുണ്ട് ചിന്നാറിലേക്കു.. തമിഴ്നാട് സർക്കാരിൻറെ ഉദുമൽപെട്ട് പോകുന്ന ബസ്സിൽ കയറിയാൽ ഞങ്ങൾക്ക് ചിന്നാർ വന്യ ജീവി സങ്കേതത്തിനു മുന്നിലിറങ്ങാം. അങ്ങനെ നോക്കിയിരിക്കുമ്പോൾ ഉദുമൽപെട്ട് ബസ്സെത്തി അതിൽ യാത്രക്കാരായി കൂടുതലും തമിഴ്നാട്ടുകാരായിരുന്നു . ആ ബസിനു ഒരു പ്രത്യേകത ഉണ്ടായിരുന്നു. ആകെ ഒരു ഡോർ ഉണ്ടായിരുന്നുള്ളു. അതും പുറകിൽ .പത്തു ദിവസത്തെ ക്യാമ്പിലേക്ക് വേണ്ടിയുള്ള തേങ്ങകൾ ഉൾപ്പെടെയുള്ള വലിയ ല്ഗഗേജുകളുമായി ആ ബസിൽ ഞങ്ങൾ കയറിപറ്റി .അത്യാവശ്യം നല്ല തിരക്കുണ്ട്.എല്ലാര്ക്കും ഇരിക്കാനുള്ള സ്ഥലം ഒന്നും ഇല്ല .ബസിന്റെ ഏറ്റവും മുന്നിലായി ബാഗുകൾ അടുക്കി വച്ച് അതിന്റെ മുകളിലൊക്കെയായി ഞങ്ങൾ ഇരിപ്പുറപ്പിച്ചു .അങ്ങനെ കുറെ വഴികൾ പിന്നിട്ടു ബസ് ചിന്നാർ ചെക്ക് പോസ്റ്റിലെത്തി.അപ്പോഴാണ് ഒരു കാര്യം മനസിലായത്.ഞങ്ങളുടെ ഭീമൻ ലഗേജുകളുമായി തിരക്കിൽ പിന്നിലെ ഡോറിലൂടെ ഇറങ്ങുക അസാധ്യമായിരുന്നു.അപ്പോൾ ബസിലെ ഡ്രൈവർ കുറച്ചു പ്രായം ഉള്ള ആളാണ്.അദ്ദേഹം ഒരു വഴികണ്ടുപിടിച്ചു. ഡ്രൈവർ സീറ്റിൽ നിന്നും ഇറങ്ങി ഡ്രൈവർനു മാത്രം കയറാനുള്ള വഴി യിലൂടെ ഞങ്ങളോട് ഇറങ്ങിക്കോളാൻ പറഞ്ഞു.അങ്ങനെ ല്ഗഗേജുകൾ ജനലിലൂടെ പുറത്തേക്കു കൊടുത്തു ഞങ്ങൾ ഡ്രൈവർ സീറ്റിലൂടെ ബസിൽ നിന്നിറങ്ങി. അങ്ങനെ ചിന്നാറിലെ ഫോറെസ്റ്റിന്റെ ഡോര്മിറ്ററിയിലെത്തി. അതിന്റെ പുറകിലൂടെ കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ പാമ്പാർ അനസ്യൂതം ഒഴുകുന്നു.ബാഗ് ഒക്കെ വച്ചിട്ട് ഞങ്ങൾ എല്ലാവരും പാമ്പാറിലിറങ്ങി ഒരു നീരാട്ടൊക്കെ നടത്തി .നല്ല തണുപ്പുള്ള വെള്ളമായിരുന്നു.അത് മറക്കാനാകാത്ത ഒരു അനുഭവം തന്നെയായിരുന്നു. കുളിച്ചു സുന്ദരിമാരായി ഇരിക്കുമ്പോളേക്കും ഞങ്ങൾക്ക് അവര് ചായ തന്നു.വൈകിട്ടായപ്പോഴേക്കും ഫോറെസ്റ് ഓഫീസർ വന്നു ഞങ്ങൾക്ക് ചിന്നാർ വന്യജീവി സങ്കേതത്തെകുറിച്ചുള്ള പ്രത്യേകതകൾ ഉൾപ്പെടുത്തിയുള്ള ഒരു പവർ പോയിന്റ് പ്രസന്റേഷൻ നം ക്ലാസും തന്നു .പിറ്റേ ദിവസം രാവിലെ മുതൽ ട്രെക്കിങ്ങ് ആരംഭിക്കും വെളുപ്പിനെ വനത്തിനുള്ളിലുള്ള വാച് ടവർറിലേക്കു

പോകും.രാവിലെ ചെന്നാൽ നമുക്ക് വനത്തിനുള്ളിൽ മേഞ്ഞു നടക്കുന്ന മാനുകളെയും മറ്റു മൃഗങ്ങളെയുമെല്ലാം കാണാം . ഞങ്ങൾക്ക് വഴി കാട്ടിയായി ആദിവാസി വിഭാഗത്തിലുള്ള രണ്ടു ഫോറസ്റ്റ് വാച്ചര്മാരും ഉണ്ടായിരുന്നു,.ചിന്നാറിലെ മാത്രം പ്രത്യേകതയാണ് അവിടെയുള്ള നക്ഷത്ര ആമകൾ .എല്ലാവരുടെയും കയ്യിൽ കുടിവെള്ളമൊക്കെ ആയി ഞങ്ങൾ ട്രെക്കിങ്ങ് ആരംഭിച്ചു .കാട്ടിലൂടെ കാട്ടരുവികളുടെ ഓരത്തുകൂടി ,കാടിന്റെ ബാക്കി ആസ്വദിച്ച് ഞങ്ങൾ നടന്നു.യാത്രയുടെ ഇടയ്ക്ക് ഗാർഡുമാർ ഞങ്ങൾക്ക് കാട്ടു തേൻ എടുത്തു തന്നു.ചിന്നാറിലെ രണ്ടു ദിവസത്തെ പ്രകൃതി പഠനം എന്നും ഓർമയിൽ നിൽക്കുന്ന ഒന്നാണ്. ചിന്നാറിലെ മനോഹരമായ രണ്ടു ദിവസങ്ങൾക്കു ശേഷം ഞങ്ങളുടെ മെയിൻ ഡെസ്റ്റിനേഷനായ മറയൂരിലെ പെരിയകുടിയിലേക്കാണ് ഇനി പോകേണ്ടത്.പെരിയകുടി ആദിവാസി കോളനി ആണ്.അവിടത്തെ ഞങ്ങളുടെ താമസ സ്ഥലം പെരിയകുടി കമ്മ്യൂണിറ്റി ഹാൾ ആണ് .അധികം വലുതല്ലാത്ത ഒരു ഹാളും ഒരു ടോയ്ലറ്റും മാത്രമുള്ളതാണ് കമ്മ്യൂണിറ്റി ഹാൾ . പെരിയകുടി കമ്മ്യൂണിറ്റി ഹാൾ വരെ വണ്ടിയൊന്നും പോകില്ല. മറയൂർ നിന്നും ജീപ്പിൽ പെരിയകുടിക്കു അടുത്തുള്ള സ്ഥാലം വരെ മാത്രമേ എത്താൻ സാധിക്കുകയുള്ളൂ.പിന്നെ രണ്ടു കിലോമീറ്റര് കുത്തനെ കയറ്റം .ഞങ്ങളെല്ലാവരും ല്ഗഗേജും എട്ടു ദിവസത്തെക്കുള്ള അരിയും പലവ്യഞ്ജനങ്ങളും പച്ചക്കറികളും മറയൂരിൽ നിന്നും വാടകക്കെടുത്ത വലിയ ഗ്യാസ് സ്റ്റോവ്, സിലിണ്ടർ, ജനറേറ്റർ,വിറക് എല്ലാം ഞങ്ങൾ ഒരുവിധത്തിൽ ആ മല മുകളിൽ എത്തിച്ചു. അതെല്ലാം എങ്ങനെ ചുമന്നു രണ്ടു കിലോമീറ്റര് കുത്തനെയുള്ള മല കയറിയത് എന്നോർക്കുമ്പോൾ ഇന്ന് വിശ്വസിക്കാൻ തന്നെ പ്രയാസം തോന്നുന്നു. അവിടെ ചെന്നിട്ടുള്ള എല്ലാകാര്യങ്ങളും ഞങ്ങൾ ഇരുപത്തഞ്ചു പേര്കൂടി ചേർന്നാണ് ചെയ്യേണ്ടത്.ഇരുപത്തഞ്ചു പേർക്കുള്ള മൂന്ന് നേരത്തെ ആഹാരം പാകം ചെയ്യുന്നത് ഉൾപ്പെടെ ഉള്ള എല്ലാ കാര്യങ്ങൾക്കും ഓരോ ഗ്രൂപ് ആയി തിരിഞ്ഞാണ് ചെയ്യേണ്ടത്.ഒരു ചായ ഉണ്ടാക്കാൻ അറിയാത്ത ആളുകൾ വരെ ഞങ്ങളുടെ ഗ്രൂപ്പിൽ ഉണ്ട്. അതുകൂടാതെ പെരിയകുടി കോളനി സന്ദർശനവും രക്ത നിർണയ ക്യാമ്പും പഠനോപകരണ വിതരണവും ബോധവത്കരണ ക്ലാസും റോഡ് നിർമാണവുമെല്ലാം ഞങ്ങൾക്ക് ചെയ്യാനുണ്ട്. ആദിവാസി കോളനിയിലെ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവുമായി അവിടുത്തെ ആദിവാസികളുടെ മേധാവിയായ "കാണി" ഉണ്ടായിരുന്നു.ഞങ്ങൾക്ക് വിറകു തന്നതെല്ലാം കാണിയാണ്. ഞങ്ങളുടെ അതുകൂടാതെ എന്നും വൈകിട്ട് കോളനിയിലെ ആളുകളെ വിളിച്ചുകൂട്ടി ഞങ്ങളുടെ വക കലാപരിപാടികളും ഒക്കെ നടത്തുന്നുണ്ട്.ഫുഡ് കമ്മിറ്റിയിലുള്ള ആളുകൾ എന്നും വെളുപ്പിനെ എഴുന്നേൽക്കും. അവരാണ് എല്ലാവര്ക്കും വേണ്ട ഭക്ഷണം പാകം ചെയ്യേണ്ടത്. രാത്രി എല്ലാ ജോലികളും കഴിഞ്ഞു ഏകദേശം പന്ത്രണ്ടു മണി ഒക്കെ ആകുമ്പോൾ ആ ദിവസത്തെ വിലയിരുത്തൽ ഉണ്ട് .ടീച്ചേഴ്സും കുട്ടികളും വട്ടം കൂടി ഇരുന്നു ഓരോരുത്തരും അവരവരുടെ അഭിപ്രായങ്ങൾപറയണം.അതെല്ലാംവേറിട്ടഅനുഭവങ്ങളായിരുന്നു.പെരിയകുടി ആദിവാസി കോളനിയിൽ മുതുവാൻ വിഭാഗത്തിൽ പെട്ട ആദിവാസി കുടുംബങ്ങളായിരുന്നു താമസിച്ചിരുന്നത്. അവരുടെ വീടുകൾ ഓല മേഞ്ഞതും, മണ്ണ് കുഴച്ചു തേച്ച തറയും ഒക്കെയായി നല്ല വൃത്തിയുള്ള വീടുകൾ ആയിരുന്നു. ചില വീടുകളിൽ സോളാർ ബൾബുകൾ ഉണ്ട്. ഞങ്ങൾ വൈകിട്ടാകുമ്പോൾ ജനറേറ്ററിന്റെ സഹായത്തോടെ ഉച്ചത്തിൽ പാട്ട് വക്കും അതോടൊപ്പം കലാപരിപാടികളും, കോളനിയിലെ എല്ലാവരും ഇതിലൊക്കെ പങ്കെടുത്തിരുന്നു.ഇപ്പോഴും കോട പെയ്തു കൊണ്ടിരിക്കുന്ന ഒരു കാലാവസ്ഥയായിരുന്നു ഞങ്ങൾ ചെന്ന ഓഗസ്റ് മാസത്തിൽ അവിടെ.എട്ടു ദിവസത്തെ വിശേഷങ്ങൾ ഇനിയും ഉണ്ട്.എല്ലാം ഇവിടെ കുറിക്കാൻ സാധിച്ചിട്ടില്ല .അങ്ങനെ "ഉള്ളറിഞ്ഞു ഞങ്ങളായതു" എന്ന പേരിൽ ഞങ്ങൾ നടത്തിയ ദശ ദിന ക്യാമ്പ് എന്നും ഓർമയിൽ നിൽക്കുന്ന ഒന്നായി മാറി.പത്തു ദിവസത്തിന് ശേഷം കാടിറഞ്ഞി പോരുമ്പോൾ ഞങ്ങൾ എല്ലാവരും ഒരു കുടുംബം പോലെ ആയിരുന്നു.

ഗീത കെ ജി
**MSW –MEDICAL AND PSYCHIATRY**
**SCHOOL COUNSELLOR**

